بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 17.10.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*17.10.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

# ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുക.

തശ്ശഹുദും തഅവുദും സൂറാ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ അയ്യദുല്ലാഹു തഅല ബിനസിരിൽ അസീസ് പറഞ്ഞു.

അഹ്മദിയ്യാ ജമാഅത്തിലെ എല്ലാ സ്ത്രീപുരുഷന്മാരും ചെറിയവരും വലിയവരും ഈ ഒരു വാചകം അറിയുന്നവരാണ്. വാചകം ഇപ്രകാരമാണ്. ഞാൻ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണ്. ഇതിന്നുള്ള കാരണം ഹദ്റത് മസീഹ് മൗഊദ് (അ) ഈ കാര്യത്തിലേക്കാണ് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളതെന്നത് കൊണ്ടാണ്. പൊതുവിൽ നമ്മുടെ പ്രഭാഷകന്മാരും ഖലീഫമാരും അവരുടെ പ്രസംഗത്തിലും എഴുത്തിലും ഈ പദം ഉപയോഗിക്കുന്നു. അപ്രകാരം തന്നെ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണെന്ന ഈ കാര്യം ബൈഅത്തിന്റെ ചുരുക്കവുമാണ്. അപ്രകാരം തന്നെ എല്ലാ ശാഖാസംഘടനകളുടേയും പ്രതിജ്ഞയുടെ ചുരുക്കവും ഇതു തന്നെ. അതുപോലെ ബൈഅത്തിന്റെ വാചകങ്ങളിലും നാം ഈ വാചകം ഉരുവിട്ടുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഈ വാചകം ഒരു അഹ്മദിയുടെ പ്രതിജ്ഞയാണ്. ഇതിലാണ് അവന്റെ ബൈഅത്ത് ബന്ധപ്പെട്ടുനിൽക്കുന്നത്. ഇതില്ലെങ്കിൽ ബൈഅത്തിന്റെ വ്യവസ്ഥിതിയുമായും ഖിലാഫത്തുമായും ഒട്ടിനിൽക്കുന്നതാണെന്നുള്ള വാദവും പൊള്ളയായ വാദമായിരിക്കും. ബൈഅത്തിന്റെ വിളംബരവും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്ന കാര്യങ്ങളും വെറും വായകൊണ്ട് പറയുന്ന കാര്യം മാത്രമായി അവശേഷിക്കുന്നു.

അതുകൊണ്ട് തന്നെ ഹദ്റത് മസീഹ്മൗഊദ് (അ) ഒരു സ്ഥലത്ത് പറഞ്ഞു: ഒരാൾ ബൈഅത്തിൽ ഞാൻ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണെന്ന് പറയുകയും പക്ഷെ പ്രവൃത്തി മുഖേന അവൻ അതിന്റെ സത്യതയും പ്രതിജ്ഞയോടുള്ള കൂറും പ്രകടമാക്കുന്നില്ലെങ്കിൽ അല്ലാഹു അവനെ എന്ത് വിലവെക്കാനാണ്. അതുകൊണ്ട് നമ്മളിൽ ഓരോരുത്തരും ഇക്കാര്യത്തെ മുന്നിൽ വെക്കേണ്ട ആവശ്യകതയുണ്ട്. ഈ വാചകത്തിൽ നിന്ന് വ്യക്തമാവുന്നതു പോലെ ദീനിന്റെ കാര്യത്തിൽ ഭൗതികമായ കാര്യം തടസ്സമാവരുത്. മതം എന്നാൽ എന്താണ്. മതം എന്നത് അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ചുകൊണ്ട് തന്റെ ജീവിതം നയിക്കുകയെന്നതാണ്. തന്റെ ഓരോ സംസാരവും പ്രവർത്തിയും മുഖേന അല്ലാഹുവിനെ പ്രീതിപ്പെടുത്തണം. ചുരുക്കത്തിൽ ഈ പ്രതിജ്ഞയെ പൂർത്തിയാക്കുന്നതിനുള്ള അടിസ്ഥാനകാര്യം സത്യസന്ധതയാണ്. ഇതിൽ ഒരു വിധത്തിലുള്ള ഒഴിവുകഴിവും തന്ത്രവും പാടില്ല. ഭൗതികകാര്യത്തിൽ തന്നെ നാം കാണുന്നത് ഓരോ മനുഷ്യന്റെയും വൃത്തം പല രീതിയിലാണ്. പരിമിതമായ വൃത്തത്തിലായിരിക്കുവാൻ പരിശ്രമിക്കുക. എന്തുകൊണ്ടെന്നാൽ അവന്റെ അറിവും കഴിവും അത് കരസ്ഥമാക്കുന്നതിൽ പരിമിതമായിരിക്കും. ചിലപ്പോൾ ഇങ്ങനെയും സംഭവിക്കുന്നു. മറ്റുള്ള കാര്യങ്ങൾ അവന്റെ പ്രവൃത്തിയിൽ തടസ്സമായി നിൽക്കുന്നു. അവനെ പരിമിതപ്പെടുത്തുന്നു. എന്നാൽ ചിലരുടെ പരിശ്രമം വളരെയധികം യഥാർഥനിലയിലുമായിത്തീരുന്നു. ഏതൊരു ലക്ഷ്യമാണോ കരസ്ഥമാക്കേണ്ടത് അതിൽ മാത്രം ദൃഷ്ടി പതിപ്പിക്കുകയും പിന്നെ അതിനെ പരിപൂർണ്ണമായി കരസ്ഥമാക്കുകയും ചെയ്യുന്നു. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)വും ഈ വിഷയം പറഞ്ഞിട്ടുണ്ട്. അതിൽ നിന്ന് പ്രയോജനമെടുത്തുകൊണ്ടും അതിന്റെ വെളിച്ചത്തിലും ചില കാര്യങ്ങൾ ഞാൻ പറയുന്നതാണ്. പരിമിതമായ വൃത്തത്തിലുള്ള പരിശ്രമത്തിന്റേയും ലക്ഷ്യത്തിനനുസരിച്ചുള്ള പരിശ്രമത്തിന്റേയും ഉദാഹരണം ഇപ്രകാരമാണ് നൽകിയത്. ചിലർ എത്ര നിർബന്ധമുള്ള പ്രവൃത്തിയാണെങ്കിലും നടക്കുമ്പോൾ അവർ അവരുടെ വസ്ത്രം ശരിയാണോ എന്നു ശ്രദ്ധിക്കുന്നു. പ്രത്യേകിച്ച് ഏഷ്യൻ സമൂഹത്തിലുള്ള സ്ത്രീപുരുഷന്മാർ ചിലപ്പോൾ തങ്ങളുടെ വസ്ത്രത്തെ സംബന്ധിച്ച് വളരെയധികം കോൺഷ്യസ് ആവുന്നു. എന്നാൽ ഇതിന്നെതിരിൽ ചിലർ അവർ ഫേഷൻ കാണിക്കുന്ന ആൾക്കാരാണെങ്കിലും അവരുടെ മുമ്പാകെ ലക്ഷ്യമുണ്ടെങ്കിൽ അവർ തങ്ങളുടെ ഫേഷനെ ബലി കഴിക്കുന്നു. ലക്ഷ്യം കരസ്ഥമാക്കുന്നതിനു വേണ്ടി ഫേഷൻ കാണിക്കുന്നവരായിട്ടുകൂടി അവർക്ക് ഓടേണ്ടതായി വന്നാൽ അവർ ഓടുന്നു. ഏതെങ്കിലും സ്ഥലത്ത് ഇരിക്കേണ്ടി വന്നാൽ അവർ ഇരിക്കുന്നു. ഇങ്ങേയറ്റം ആവശ്യമാണെങ്കിൽ പൊടിപടലങ്ങളിൽ പോലും അവർ മടികൂടാതെ നടക്കുന്നു. എന്തുകൊണ്ടും ഈ കാര്യം നേടിയെടുക്കണമെന്നത് അവരുടെ ലക്ഷ്യമായി മാറുന്നു. ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ഒരു ഉദാഹരണം ഇപ്രകാരം നൽകുന്നു. ഇത് ഇംഗ്ലണ്ടിന്റെ ചരിത്രത്തിലെ ഒരു സംഭവമാണ്. ചരിത്രത്തിൽ സംഭവം വന്നിരിക്കുന്നു. 1558ൽ കിരീടം ലഭിച്ച എലിസബത്ത് രാജ്ഞി ഏകദേശം 45 വർഷം രാജ്ഞിയായിരുന്നു. എന്നു മാത്രമല്ല ഇംഗണ്ടിന്റെ മഹത്വവും ശക്തിയുടെ അടിസ്ഥാനവും ഈ കാലഘട്ടത്തിലായിരുന്നു. അവർ തന്റെ ദർബാറിൽ നല്ല വസ്ത്രം ധരിക്കുകയും നല്ല രീതിയിൽ കഴിയുകയും ചെയ്യുന്ന ആളുകളെ കാണാൻ ഇഷ്ടപ്പെട്ടിരുന്നവരുമായിരുന്നു. ആരുടെ വസ്ത്രം ഉന്നതവും വിലയുള്ളതുമല്ലയോ അവർ ദർബാറിൽ വരാൻ പാടില്ലായിരുന്നു. അതുകൊണ്ട് അവരുടെ ചുറ്റിലും നല്ല വസ്ത്രധാരണയോടെയുള്ള ചെറു

പ്പക്കാരുടെ തിരക്കായിരുന്നു. ഒരിക്കൽ അവർ തന്റെ കൂടെയുള്ളവരുമായി എവിടേയ്ക്കോ നടന്നു പോവുകയായിരുന്നു. പോകുന്ന വഴിയിൽ ഒരു സ്ഥലത്ത് കുറച്ച് ചെളിയുണ്ടായിരുന്നു. ആ സമയത്ത് അവരോടൊപ്പം ഇംഗ്ലണ്ടിലെ വ്യോമയാനസേനയുടെ സൈന്യാധിപൻ ഉണ്ടായിരുന്നു. അദ്ദേഹം രാജ്ഞിയുടെ വളരെ അടുത്ത ആളും കൂറു പുലർത്തുന്നയാളും വളരെ നല്ല വസ്ത്രം ധരിക്കുന്നയാളുമായിരുന്നു. ഇദ്ദേഹം വളരെ വിലപിടിപ്പുള്ള കോട്ട് ധരിച്ചിരുന്നു. മത്രമല്ല ആ കോട്ട് ദർബാറികൾക്ക് പ്രത്യേകമാക്കപ്പെട്ടതും പ്രത്യേകാവസരങ്ങളിൽ ധരിക്കുന്നതുമായ കോട്ടായിരുന്നു. ചെളിയുള്ള സ്ഥലമെത്തിയപ്പോൾ അദ്ദേഹം തന്റെ കോട്ട് ഊരി ചെളിയുള്ള സ്ഥലത്ത് ഇട്ടു. ഇതുകണ്ടപ്പോൾ രാജ്ഞി വളരെ അത്ഭുതത്തോടെ ചോദിച്ചു: ഇത്ര വിലപിടിപ്പുള്ള കോട്ട് ചെളിയിൽ ഇടുകയാണോ? സൈന്യാധിപന്റെ പേര് സീസർ വാൾട്ടർ റിലെ എന്നായിരുന്നു. ആ ഓഫീസർ ഇപ്രകാരം മറുപടി പറഞ്ഞു, രാജ്ഞിയുടെ കാലോ ചെരുപ്പോ മോശമാവുന്നതിനേക്കാളും നല്ലത് എന്റെ കോട്ട് ചീത്തയാവുന്നതാണ്. ഈ ഉദാഹരണത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന പാഠം ഓഫീസറായിരുന്ന റിലെ നല്ല രീതിയിൽ വില പിടിപ്പുള്ള വസ്ത്രം ധരിച്ചിട്ടും രാജ്ഞിയുടെ പ്രശ്നം വന്നപ്പോൾ അദ്ദേഹം തന്റെ ഫേഷൻ രാജ്ഞിക്കുവേണ്ടി ത്യജിച്ചു. ചുരുക്കത്തിൽ ഭൗതികമായ ഒരു രാജ്ഞിയുടെ സന്തോഷത്തിനു വേണ്ടി ഫാഷൻ ഉപേക്ഷിക്കാമെങ്കിൽ, തന്റെ ഉന്നതമായ കോട്ട് ത്യജിക്കാൻ സാധിക്കുമെങ്കിൽ ദീനിന്റെ പുരോഗതിക്കു വേണ്ടിയും മതത്തിന്റെ ദൃഢതക്ക് വേണ്ടിയും അത് നിലനിർത്തുന്നതിനു വേണ്ടിയും തന്റെ സൃഷ്ടാവായ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ നാം എന്തൊക്കെ ചെയ്യേണ്ടതാണെന്ന് ചിന്തിക്കേണ്ടതാണ്. റിലേക്ക് രാജ്ഞിയുടെ സന്തോഷം എത്രകണ്ട് ഇഷ്ടമുണ്ടായിരുന്നോ അത്ര കണ്ട് നമുക്ക് ഈ ഉദ്ദേശ്യലക്ഷ്യം ഇഷ്ടമുള്ളതാവേണ്ടതല്ലേ. ഭൗതിക രാജാവിനെ സന്തോഷിപ്പിച്ചതിനുശേഷവും സേവനം ചെയ്തിട്ടും അദ്ദേഹത്തിന്റെ പര്യവസാനം വേദനാജനകമായിരുന്നു. അല്ലാഹുവിനെ സന്തോഷിപ്പിച്ചും അവന്റെ തൃപ്തി കരസ്ഥമാക്കിയും മനുഷ്യൻ ഈ ലോകത്തും അനുഗ്രഹത്തിന്റെ അനന്തരവകാശിയാവുന്നതാണ്. പര്യവസാനവും നന്നായിത്തീരുന്നതാണ്.

ലക്ഷ്യം ഉത്തമവും ഉന്നതവുമാകുന്നത് മതിയായതല്ലെന്ന് നാം എപ്പോഴും ഓർക്കേണ്ടതാണ്. ഏതുവരെ ത്യാഗവും ആത്മാർപ്പണവും അതിനനുസരിച്ച് ഉണ്ടാവാതിരിക്കുകയും ദുൻയാവ് നമ്മുടെ ദീനിന്റെ മേലേയാവാതിരിക്കുകയും മറിച്ച് ദീൻ ദുൻയാവിന്റെ മേലെയാവുകയും ചെയ്യുമ്പോഴാണ് നമുക്ക് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ സാധിക്കുന്നത്. നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും ഈ കാര്യം മനസ്സിലാക്കുകയും എന്നു മാത്രമല്ല അവരുടെ മാതാപിതാക്കളും ദീനിനെ മുന്തിക്കുകയാണെങ്കിൽ വീടുകളിലെ പ്രശ്ന ങ്ങൾ പരിഹരിക്കുകയും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുകയെന്ന മുഅ്മിന്റെ ലക്ഷ്യം അവർക്ക് കരസ്ഥമാക്കാനും സാധിക്കുന്നതാണ്. ഇതുപോലെ വസ്ത്രം നല്ല ഉന്നതമായ വസ്ത്രം ധരിക്കുന്നത് ഇസ്ലാം വിരോധിക്കുന്നില്ല. എന്നാൽ എപ്പോഴും ഫാഷനിൽ മുഴുകികൊണ്ട് തന്റെ മതപരമായ പ്രവർത്തനത്തിൽ നിന്ന് അശ്രദ്ധരായിത്തീരുന്നത് വിലക്കുന്നു. ചുരുക്കത്തിൽ നിങ്ങൾ ഒരിക്കലും മതപരമായ പ്രവർത്തനത്തിൽ അശ്രദ്ധരാവരുതെന്ന് ഇസ്ലാം പറയുന്നു. അപ്പോഴാണ് നിങ്ങൾ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണെന്ന അവകാശം നിറവേറ്റുന്നവരായി മാറുന്നത്. ഇതേപോലെ ഉന്നതമായ ഭക്ഷണം അതിൽ നിന്ന് മതം ഒരിക്കലും വിലക്കുന്നില്ല. എന്നാൽ അത് അവരുടെ മതത്തിന്റെ മാർഗത്തിൽ തടസ്സമാവുന്നത് അനുവദനീയമല്ലാത്തതാണ്. അതുകൊണ്ട് ദീനിന്റെ കാര്യത്തിൽ ഏതൊരു കാര്യമാണോ തടസ്സമായി നിൽക്കുന്നത് അതിൽ നിന്ന് ദൂരപ്പെടേണ്ടതാണെന്ന കാര്യം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്.

ഇതിനെ സംബന്ധിച്ച് ഹദ്റത് മസീഹ് മൗ ഊദ് (അ) പറയുന്നു: “നോക്കൂ , രണ്ടു വിധത്തിലുള്ള ആളുകളാണുള്ളത്. ഒരു വിഭാഗം ഇസ്ലാം സ്വീകരിച്ചുകൊണ്ട് കച്ചവടത്തിലും വ്യവഹാരത്തിലും മുഴുകുന്നു. ശൈത്താൻ അവരുടെ തലക്ക് മീതെ ചുറ്റിക്കൊണ്ടിരിക്കുന്നു. തികച്ചും ഭൗതികതയിൽ മുഴുകുന്നു. പറയുന്നു. കച്ചവടം വിരോധിക്കപ്പെട്ട കാര്യമാണ്, എന്നല്ല പറഞ്ഞതിന്റെ ഉദ്ദേശ്യം. സഹാബാക്കൾ കച്ചവടം ചെയ്തിരുന്നു. പക്ഷെ ദീനിനെ ദുൻയാവിനേക്കാൾ മുന്തിച്ചിരുന്നു. അവർ ഇസ്ലാം സ്വീകരിച്ചപ്പോൾ ഇസ്ലാമിനെകുറിച്ചുള്ള യഥാർഥ അറിവ് കരസ്ഥമാക്കി. ഇതു കാരണമായി അവർ ഒരു മൈതാനിയിലും ശൈത്താന്റെ അക്രമത്തിൽ നിന്ന് വ്യതിചലിച്ചില്ല. ഒരു കാര്യവും അവരെ സത്യം പ്രകടിപ്പിക്കുന്നതിൽ നിന്ന് തടസ്സമായി നിന്നില്ല. പറയുന്നു. ഭൗതികതയുടെ ആളുകൾ അതിനെ പൂജിക്കാൻ തുടങ്ങുന്നു. അത്തരം ആളുകളെ ശൈത്താൻ തന്റെ അധീനതയിലാക്കുന്നു. രണ്ടാമത്തെ വിഭാഗം, ദീനിന്റെ പുരോഗതിയുടെ ചിന്തയിലായിരിക്കുന്ന ഈ വിഭാഗം അല്ലാഹുവിന്റെ വിഭാഗം എന്നു പറയപ്പെടുന്നവരുടെ വിഭാഗമായിരിക്കും. അവർ ശൈത്താനിൽ നിന്നും അവന്റെ സൈന്യത്തിൽ നിന്നും വിജയം പ്രാപിക്കുന്നതുമാണ്.

തുടക്കത്തിൽ ഞാൻ ഹദ്റത് മസീഹ് മൗഊദിന്റെ ഉദ്ധരണി കേൾപ്പിച്ചതുപോലെ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമ്പോൾ ബൈഅത്തിന്റെ ലക്ഷ്യവും പൂർത്തിയാവുന്നു. ഇക്കാര്യം മനസ്സിലാക്കുന്നതിനുവേണ്ടി ഭൗതികപ്രവർത്തിയോടൊപ്പം മതപരമായ അറിവ് കരസ്ഥമാക്കുകയും, അത് തന്നിൽ പ്രാവർത്തികമാക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. പ്രത്യക്ഷത്തിൽ ഒരു ഉന്നതലക്ഷ്യത്തിനു വേണ്ടി പള്ളിയിൽ പോവുന്നു. പക്ഷെ അതിന്റെ പിന്നിൽ ഭൗതികമായ ഉദ്ദേശമുണ്ടാവുന്നു. അതുകൊണ്ട് ഉന്നതമായ ലക്ഷ്യം കരസ്ഥമാക്കുന്നതിനു വേണ്ടി വിചാരത്തേയും ഉന്നതമാക്കേണ്ടതും നിർബന്ധമാണ്. ത്യാഗം ചെയ്യുന്നത് സ്വന്തം ഉന്നമനത്തിനു വേണ്ടിയായിരിക്കരുത്. മറിച്ച് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനു വേണ്ടിയായിരിക്കണം. അതു കൊണ്ട് അല്ലാഹുവിന്റെ അവകാശത്തോടൊപ്പം മനുഷ്യന്റെയും അവകാശം സംരക്ഷിക്കുകയും ദീനിന്റെ പ്രചാരണവും ഇസ്ലാം നിലനിൽക്കുകയും ചെയ്യണമെന്ന ഉന്നതമായ ലക്ഷ്യത്തെ മുൻനിർത്തികൊണ്ട് പള്ളിയെ ജനവാസയോഗ്യമാക്കുന്നില്ലെങ്കിൽ ഇതൊക്കെ നിഷ്പ്രയോജനമാണ്. ഇസ്ലാമിന്റെ സുന്ദരമായ സന്ദേശം ലോകത്ത് എത്തിച്ചുകൊടുക്കയെന്ന

ഉത്തരവാദിത്വം നമ്മളിൽ അർപ്പിതമാണ്. അത് നാം നിറവേറ്റണ്ടതാണ്. വിശുദ്ധഖുർആന്റെ പല ഭാഷകളിലുള്ള പരിഭാഷയുടെ പ്രചാരണം നമ്മുടെ ഉത്തരവാദിത്വമാണ്. നാം അതിന്റെ അവകാശം നിറവേറ്റേണ്ടതാണ്. യഥാർഥ ആരാധന നടത്തുന്നവരായി മാറ്റുന്നതിനു വേണ്ടി നാം എല്ലാ സ്ഥലത്തും പള്ളി നിർമ്മിക്കുന്നതാണ്. ഇതിന്റെ അവകാശം നിറവേറ്റുന്നതിനു വേണ്ടി നാം ലോകത്തുള്ള എല്ലാ സ്ഥലത്തും ഒരു പ്ലാനോടു കൂടി പ്രവർത്തിക്കേണ്ടതാണ്. നാം ഉന്നതമായ മാതൃകയിലൂടെ മനുഷ്യത്വത്തിന്റെ വില നിലനാട്ടേണ്ടതാണ്. ഈ പ്രവർത്തികളെല്ലാം നാം ഭൗതികത സമ്പാദിക്കുന്നതിനോടൊപ്പം ചെയ്യുകയാണെങ്കിൽ ഭൗതികത സമ്പാദിക്കുകയെന്നതും നമ്മുടെ ദീനായി മാറുന്നതാണ്. ഇതില്ലെങ്കിൽ നമ്മുടെ അനുവദനീയമായ പ്രവർത്തിയും അല്ലാഹുവിന്റെ ദൃഷ്ടിയിൽ അനുവദനീയമല്ലാത്തതാവുന്നു.

ഉഹദ് യുദ്ധത്തിൽ റസൂൽ കരീം (സ) ശഹീദായി എന്ന പ്രചരണം വ്യാപിച്ചു. അപ്പോൾ യുദ്ധത്തിൽ പങ്കെടുത്ത, കുറേ ദിവസം പട്ടിണിയിലായിരുന്ന ഒരു സഹാബി ആ സമയത്ത് അദ്ദേഹത്തിന്റെ പക്കലുള്ള ഉണങ്ങിയ കാരക്ക തിന്നുകയായിരുന്നു. തിന്നു കൊണ്ടിരിക്കുമ്പോൾ ഈ വാർത്ത കേട്ടു. കേട്ടയുടനെ തന്നെ അദ്ദേഹം കാരക്ക വലിച്ചെറിയുകയും യുദ്ധത്തിൽ പങ്കെടുത്തു കൊണ്ട് ശഹീദാകുകയും ചെയ്തു. ആ സമയത്ത് അദ്ദേഹം തന്റെ വയറിനേയും വിശപ്പിനേയും കുറിച്ചല്ല ചിന്തിച്ചിരുന്നത്. മറിച്ച് ഈ കാരക്ക തിന്നുന്നതും പാപമാണെന്ന് കരുതി. എന്തുകൊണ്ടെന്നാൽ ആ സമയത്ത് കാരക്ക തിന്നുന്നത് തിന്മയാണെന്നാണ് ദീൻ ആവശ്യപ്പെടുന്നത്. ചുരുക്കത്തിൽ ഏതൊരു പ്രവൃത്തിയാണോ ദീനിന്റെ മാർഗത്തിൽ തടസ്സമായിത്തീരുന്നത് അത് എത്ര തന്നെ ഉന്നതവും ഉത്തമവുമായാലും അനുവദനീയമല്ല. ഏതൊരു പ്രവൃത്തി ദീനിന്റെ മാർഗത്തിൽ തടസ്സമാവുന്നില്ലയോ അത് എത്രത്തോളം എളുപ്പവും സമാധാനമുള്ളതുമാണെങ്കിൽ അതു വെറുക്കപ്പെട്ടതല്ല, അതു അനുവദനീയമായിത്തീരുന്നു. അതുകൊണ്ട് നമ്മുടെ ഹൃദയാവസ്ഥയെ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതായി മാറുന്നതിനുള്ള ആത്മാവ് ഉണ്ടാക്കുന്നതിനു വേണ്ടി ശ്രമിക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഒരിക്കൽ റസൂൽ കരീം (സ) പള്ളിയിൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കൂടെ സഹാബാക്കളുമുണ്ടായിരുന്നു. ആ സമയത്ത് 3 ആളുകൾ വന്നു. അതിൽ രണ്ടാളുകൾ റസൂൽ കരീം (സ) ന്റെയടുത്തേക്ക് വന്നു. അവരിൽ ഒരാൾ തിരിച്ചുപോയി. അവർ രണ്ടുപേരും റസൂൽ കരീം(സ) ന്റെയടുത്ത് വന്നു നിന്നു. അവരിൽ ഒരാൾ റസൂൽ കരീം(സ) ന്റെയടുത്ത് ഒഴിഞ്ഞ സ്ഥലമുള്ളതായി കാണുകയും പെട്ടെന്ന് മുന്നോട്ട് വന്നു കൊണ്ട് റസൂൽ കരീം(സ) ന്റെയടുത്ത് വന്നിരുന്നു. രണ്ടാമത്തെയാൾ ജനങ്ങളുടെ പിന്നിൽ ഇരിക്കുകയും ചെയ്തു. സ്ഥലമില്ലെന്ന് കരുതി മൂന്നാമൻ തിരിച്ചുപോയി. റസൂൽ കരീം(സ) തന്റെ പ്രസംഗം അവസാനിച്ചപ്പോൾ പറഞ്ഞു, ഞാൻ ഈ മൂന്നു പേരുടേയും അവസ്ഥയെക്കുറിച്ച് പറഞ്ഞു തരട്ടെ. അവരിൽ എന്റെയടുക്കൽ വന്നിരുന്നയാൾ അല്ലാഹുവിന്റെ പക്കൽ അഭയസ്ഥാനം കരസ്ഥമാക്കി. അല്ലാഹു അദ്ദേഹത്തിന് അഭയം നൽകി. രണ്ടാമൻ നാണം കാണിച്ചു. അല്ലാഹുവും അവനോട് ലജ്ജ കാണിച്ചു. അതായത് ഈ സദസ്സിൽ ഇരിക്കുകയെന്നത് അദ്ദേഹത്തിന്റെ തെറ്റുകൾ ദൂരപ്പെടുന്നതിനു കാരണമായി. ആരാണോ ലജ്ജ കാണിച്ചതു അല്ലാഹു അവരുടെ തെറ്റുകൾ പൊറുത്തു കൊടുത്തു. മൂന്നാമൻ മുഖം തിരിച്ചുകളഞ്ഞു. അല്ലാഹുവും അവനിൻ നിന്നും മുഖം തിരിച്ചു. മൂന്നാളുകൾ വരികയും അവരിൽ രണ്ടു പേർ അവിടെ ഇരിക്കുകയും മൂന്നാമൻ തിരിച്ചുപോയതും പ്രത്യക്ഷത്തിൽ ഒരു സാധാരണകാര്യമാണ്. എന്തു കൊണ്ടെന്നാൽ മൂന്നാമൻ കരുതി എനിക്ക് ശബ്ദമൊന്നും എത്തുന്നില്ല. അതു കൊണ്ട് ഇവിടെ ഇരിക്കുന്നത് കൊണ്ട് ഒരു പ്രയോജനവുമില്ല. എന്നാൽ ഈ മൂന്നു പേരുടേയും പ്രവർത്തി ഹൃദയവുമായി ബന്ധപ്പെട്ടതും ഹൃദയത്തിൽ നിന്നു ഉണ്ടായതും ഹൃദയാവസ്ഥ പ്രകടമാക്കുന്നതുമായി രുന്നു. അല്ലാഹുവിന്റെ ദൃഷ്ടിയും ഹൃദയത്തിലാണ് പതിയുന്നത്. അവന്റെ അനുഗ്രഹവും ഹൃദയാവസ്ഥക്കനുസരിച്ചാണ് ഉണ്ടാവുക. അതുകൊണ്ട് ഹൃദയാവസ്ഥ പ്രതിഫല ത്തിന്റേയും റിസൽട്ടിന്റേയും അടിസ്ഥാനത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ കാര്യം ഓർക്കേണ്ടതാണ്. ചുരുക്കത്തിൽ അല്ലാഹു ഇവിടേയും ഇതേ രീതിയിലാണ് പെരുമാറിയിരുന്നത്. ഹൃദയത്തിന്റെ കാര്യത്തിൽ ആര് എത്ര കണ്ട് മുന്നോട്ട്പോവുന്നുവോ, എത്ര കണ്ട് അശ്രദ്ധ കാണി ക്കുന്നുവോ അതാണ് അല്ലാഹു നോക്കുന്നത്. ആദ്യം രണ്ട് പേർക്കും അവരുടെ പദവിയനുസരിച്ച് അനുഗ്രഹം ലഭിക്കുകയും മൂന്നാമൻ നഷ്ടപ്പെട്ടവനായിത്തീരുകയും ചെയ്തു. എന്നു മാത്രമല്ല കോപത്തിനു കാരണമായിത്തീരുകയും ചെയ്തു. ഒരു വിശ്വാസി, അവന്റെ മുന്നിലുള്ള ഈ ലക്ഷ്യം കരസ്ഥമാക്കുന്നതിനു വേണ്ടി എത്ര മാത്രം ത്യാഗം വരിച്ചു വെന്ന് നോക്കേണ്ടതാണ്. ആവശ്യത്തിനനുസരിച്ച് ത്യാഗം വരിക്കുന്നയാൾ അയാൾ അല്ലാഹുവിന്റെ സഹായത്തിന്റേയും പ്രതിഫലത്തിന്റേയും അവകാശിയായി മാറുന്നതാണ്. ത്യാഗം എപ്പോഴും ഒന്നുകിൽ ശക്തിക്കനുസരിച്ചായിരിക്കും, അല്ലെങ്കിൽ ആവശ്യത്തിനനുസരിച്ചായിരിക്കും. എല്ലാ പ്രാവശ്യവും ശക്തിക്കനുസരിച്ച് ത്യാഗം വരിക്കണമെന്ന് നിർബന്ധമില്ല. എത്രയാണോ ആവശ്യമായിട്ടുള്ളതും അത്രയും ത്യാഗമാണ് ശരീഅത്ത് ആവശ്യപ്പെടുന്നത്. അതു കൊണ്ടാണ് ഒരു ഹദീസ് ഇപ്രകാരമുള്ളത് അതായത് ഒരിക്കൽ റസൂൽ കരീം (സ) പറഞ്ഞു, ഒരു ദിർഹം ലക്ഷം ദിർഹമിനേക്കാൾ മുൻ കടന്നു. കാരണം ഒരാൾ 2 ദിർഹമിൽ നിന്ന് ഒരു ദിർഹം കൊടുക്കുന്നു. എന്നാൽ ഒരാളുടെയടുത്ത് ലക്ഷക്കണക്കിന് ദിർഹമുണ്ട്. അതിൽ നിന്നാണ് അയാൾ ഒരു ലക്ഷം കൊടുക്കുന്നത്. അത് അയാളുടെ നിലവാരത്തിനനുസരിച്ച് വളരെ കുറവായിരുന്നു. ചുരുക്കത്തിൽ യഥാർഥ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കലാണ്. അതാണ് ഓർക്കേണ്ടത്. ഇവർ രണ്ടുപേരുടേയും ഈ ചിലവിന്റെ കാര്യത്തിൽ അല്ലാഹുവിന്റെ തൃപ്തിയാണ് ലക്ഷ്യമായിട്ടുണ്ടായിരുന്നത്.

ചുരുക്കത്തിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നു വേണ്ടി തങ്ങളുടെ ഹൃദയാവസ്ഥയെ രൂപപ്പെടുത്തുകയെന്നതാണ് ഒരു സത്യവിശ്വാസിയുടെ ജോലി. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കണം എന്നതായിരിക്കണം ലക്ഷ്യം. അതിലാണ് അയാളുടെ വിജയമുള്ളത്. ഏത് വിധത്തിലാണ്

നാം നമ്മുടെ പ്രതിജ്ഞയെ പൂർത്തിയാക്കി കൊണ്ട് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിനുള്ള കഴിവുകൾ യഥാർഥമായ നിലയിൽ പ്രാവർത്തികമാക്കാൻ കഴിയുമെന്ന കാര്യം എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. അൻസാറുല്ലാഹ് യുടെ ഇജ്തിമാ ഇന്നു നടക്കുകയാണ്. ശൂറയും നടക്കുന്നു. അവർ ശൂറയിലും ഈ ദിവസങ്ങളിലും ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. നാം എത്ര കണ്ട് നമ്മുടെ അവസ്ഥയെ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതിനുവേണ്ടി ഉയർത്താൻ സാധിക്കുമെന്നതിനെക്കുറിച്ച് ആത്മപരിശോധന നടത്തേണ്ടതാണ്. അൻസാറുല്ലാഹ് യുടെ പ്രായം എന്നത് മറ്റുള്ളവർക്ക് മാതൃകയാവേണ്ട പ്രായമാണ്. അല്ലാഹുവിന്ന് നമ്മുടെ ഒരു കാര്യവുമാവശ്യമില്ല. മറിച്ച് ഇത് അവന്റെ ഔദാര്യമാണ്. നിങ്ങൾ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുകയാണെങ്കിൽ എന്റെ പ്രീതി കരസ്ഥമാക്കാൻ സാധിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട് അവൻ നമ്മളിൽ ഔദാര്യം ചെയ്തിരിക്കുകയാണ്. ഞാൻ ധനത്തിന്റെ ഉദാഹരണം നൽകി. അല്ലാഹുവിന്ന് അതിന്റെ ആവശ്യമില്ല. അല്ലാഹുവിന് നമ്മുടേതെന്നല്ല ആരുടേയും ആവശ്യമില്ല. ഈ കാര്യങ്ങളും സ്വർണ്ണവും വെള്ളിയും ഭൂമിയുമൊക്കെ അവൻ സൃഷ്ടിച്ചതാണ്. അവൻ ഉദ്ദേശിക്കുകയാണെങ്കിൽ മതപരമായ പ്രവർത്തനം നടത്തുന്നവർക്ക് സ്വയം നൽകാൻ സാധിക്കുന്നതാണ്. എന്നാൽ അവൻ നമ്മുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധം നൽകികൊണ്ട് അത് കരസ്ഥമാക്കുന്നതിനുവേണ്ടി ത്യാഗത്തിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുന്നു. അങ്ങനെ അവന്റെ പ്രീതി കരസ്ഥമാക്കുന്നവരായിത്തീരാൻ വേണ്ടി. വെറും ധനത്തിന്റെ കാര്യമല്ല അവൻ നമുക്ക് സന്താനങ്ങളെ നൽകി. കുട്ടികളുടെ തർബിയത്തിനുള്ള കാര്യങ്ങൾ സ്വയം ഉണ്ടാക്കാമായിരുന്നു. കുട്ടികൾക്ക് തർബിയത്ത്കൊടുക്കുക. അവരിൽ ഉന്നതമായ ലക്ഷ്യം കരസ്ഥമാക്കുന്നതിനുവേണ്ടി തങ്ങളുടെ നിലവാരമനുസരിച്ച് ചിലവ് ചെയ്യുക. അങ്ങനെ ദീനിന് ഉപകാരപ്രദമാവട്ടെയെന്ന് മാതാപിതാക്കളോട് പറയുന്നു. ചുരുക്കത്തിൽ ഇത് അഹ്മദിമാതാപിതാക്കളുടെ വലിയൊരു ഉത്തരവാദിത്വമാണ്. ദീനിന് പ്രയോജനപ്രദമാവുന്ന വിധത്തിൽ അവർക്ക് തർബിയ്യത്ത് നൽകുക. അപ്പോഴാണ് ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണെന്ന കാര്യം പൂർത്തിയാവുന്നത്. പ്രതിജ്ഞ പൂർത്തിയാവുന്നത്. ഇക്കാര്യങ്ങൾ ചെറുപ്പത്തിൽ തന്നെ മനസ്സിലാക്കുന്നവരായി മാറുന്ന വിധത്തിൽ അവർക്ക് തർബിയത്ത് കൊടുക്കുക. ചുരുക്കത്തിൽ അല്ലാഹു ഈ കാര്യങ്ങളെല്ലാം നമ്മിൽ ഏൽപ്പിച്ചു കൊണ്ട് നമ്മെ പരീക്ഷിക്കുന്നു. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണെന്ന പ്രതിജ്ഞ നിറവേറ്റുന്നതിന്നുള്ള ഉത്തരവാദിത്വം മറ്റുള്ളവരേക്കാൾ കൂടുതലായി നിങ്ങൾക്കാണുള്ളതെന്ന് എല്ലാ നിലയിലുമുള്ള ഭാരവാഹികളോടും ഞാൻ പറയാനാഗ്രഹിക്കുന്നു. ഒരു ലക്ഷ്യം കരസ്ഥമാക്കുന്നതിനു വേണ്ടി അവരിൽ ഭരമേൽപ്പിച്ചിരിക്കുന്നു. അതിന്നു വേണ്ടി അവർക്ക് തങ്ങളുടെ ത്യാഗത്തിന്റെ നിലവാരം ഉയർത്തേണ്ട ആവശ്യമുണ്ട്. ഇപ്രകാരം എല്ലാ നിലയിലുമുള്ള ഭാരവാഹികൾക്കും അവരുടെ നിലയനുസരിച്ച് തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. സാധിക്കേണ്ടതുമാണ്. അല്ലാഹുവിന്റെ ദൃഷ്ടി ഹൃദയത്തിലാണെന്ന കാര്യം ഓർക്കേണ്ടതാണ്. വ്യാകുലതയോടുകൂടി പ്രവർത്തിക്കുന്നവരുടെ ആത്മാർഥയിൽ അല്ലാഹു അനുഗ്രഹം ചൊരിയുകയും അവർക്ക് തന്റെ സാമിപ്യം കൊണ്ടനുഗ്രഹിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഓരോ ഭാരവാഹിയും ഈ സ്ഥാനം കരസ്ഥമാക്കുന്നതിനുവേണ്ടി തങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിക്കേണ്ടതാണ്. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണെന്ന പ്രതിജ്ഞയെ ശരിയായ രീതിയിൽ മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള തൗഫീഖ് അല്ലാഹു എല്ലാ ഭാരവാഹികൾക്കും എല്ലാ അഹ്മദികൾക്കും എനിക്കും നിങ്ങൾക്കുമെല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ.

ഇന്നുമൊരു ദു:ഖകരമായ വാർത്തയുണ്ട്. പാക്കിസ്താനിൽ ഒരു ശഹാദത്ത് നടക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഖുർശിദ് സാഹിബിന്റെ മകൻ ലത്തീഫ് ആലംബട്ട് സാഹിബ് കാമ്റ ജില്ല അട്ടക്. ഒക്ടോബർ 15 ാം തിയ്യതി രാത്രി 7 മണിക്ക് അദ്ദേഹത്തിന്റെ വീട്ടിന്റെയടുത്ത് അജ്ഞാതരായ 2 ആളുകൾ മോട്ടോർസൈക്കിളിൽ വന്നു കൊണ്ട് വെടിവച്ചു ശഹീദാക്കി. اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ

ലത്തീഫ് ആലംബട്ട് സാഹിബിന്റെ കുടുംബം മോങ്കിജില്ല ഗുജ്റൻവാലയുമായി ബന്ധപ്പെട്ടവരാണ്. ശഹീദിന്റെ കുടുംബത്തിൽ , അദ്ദേഹത്തിന്റെ പിതാവ് ഖുർശീദ് ആലംബട്ട് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് പ്രവേശിച്ചത്. അദ്ദേഹത്തിന് 1934ൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാനുള്ള തൗഫീഖ് ലഭിച്ചു. ശഹീദ് 1952 ഏപ്രിലിൽ ഗുജ്റൻ വാലയിൽ ജനിച്ചു. എഫ്.എ വരെ വിദ്യാഭ്യാസം കരസ്ഥമാക്കി. അതിനു ശേഷം Air Force ൽ ചേരുകയുണ്ടായി. 1991ൽ റിട്ടയറായി. ശഹീദ് ശഹാദത്ത് സമയത്ത് നാസിം ഇശാഅത്ത് അൻസാറുല്ലാഹ് എന്ന നിലയിൽ സേവനം അനുഷ്ടിക്കുകയായിരുന്നു. ഇതിനുപുറമേ ശഹീദിന് ജില്ലാ അടിസ്ഥാനത്തിൽ സിക്രട്ടറി സിയാഫത്ത്, ഖുദ്ദാമുൽ അഹ്മദിയ്യായിൽ നാസിം സിഹത്തെ ജിസ്മാനി എന്നീ നിലകളിലും സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. പരേതൻ ഉന്നത സ്വഭാവത്തിന്റെയും ഗാംഭീര്യവ്യക്തിത്വത്തിന്റെയും ഉടമസ്ഥനായിരുന്നു. കുട്ടികളുടെ തഅ്ലീം തർബിയത്ത് കാര്യങ്ങളിൽ വളരെയധികം തൽപരനായിരുന്നു. ശഹീദാവുന്ന സമയത്ത് അദ്ദേഹത്തിന്റെ വയസ്സ് 62 ആയിരുന്നു. അദ്ദേഹം വസിയ്യത്ത് ഫോറം പൂരിപ്പിച്ചിരുന്നു. അതിന്റെ നടപടികൾ നടക്കുകയായിരുന്നു. ഏതായാലും കാർപർദാസിന്റെ ആളുകൾ അദ്ദേഹത്തിന്റെ വസിയ്യത്ത് അനുവദിക്കേണ്ടതാണ്. ഞാൻ അദ്ദേഹത്തിന്റെ വസിയ്യത്ത് അനുവദിക്കുന്നു. അതുകൊണ്ട് മൂസിയെന്ന നിലയിൽ ഏതൊരു നടപടിയാണോ സ്വീകരിക്കേണ്ടത് അത് സ്വീകരിക്കുക. അല്ലാഹു പരേതന്റെ പദവി ഉയർത്തുമാറാകട്ടെ. ബന്ധു മിത്രാദികൾക്ക് ക്ഷമയും സ്ഥൈര്യവും ധൈര്യവും നൽകുമാറാകട്ടെ. പാക്കിസ്താനിൽ ജമാഅത്തംഗങ്ങളെ എല്ലാ നിലയിലും അല്ലാഹു സംരക്ഷിക്കുമാറാകട്ടെ. ശത്രുക്കൾ തങ്ങളുടെ ശത്രുതയിൽ അധികരിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു എത്രയും പെട്ടെന്ന് നമുക്ക് സമാധാനത്തിന്റെയും ശാന്തിയുടേയും അവസ്ഥ ഉണ്ടാക്കിതരുമാറാകട്ടെ. ആമീൻ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 17.10.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.M.Zafar Ahmad For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala

To